**പതിമൂന്നാം കേരള നിയമസഭ**

**പത്താം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.170. 22.01.2014 ൽ മറുപടിയ്ക്ക്.

<u>സ്കൂൾ ബസ്സുകളുടെയും വാനുകളുടെയും പരിശോധന</u>

| <u>ചോദ്യം</u><br>ശ്രീ. കെ.എം. ഷാജി<br>" എൻ. ഷംസുദ്ദീൻ<br>" അബ്ദുറഹിമാൻ രണ്ടത്താണി<br>" സി. മമ്മൂട്ടി | | <u>ഉത്തരം</u><br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>( വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) |
|---|---|---|
| (എ) കുട്ടികളെ കയറ്റുന്ന സ്കൂൾ ബസ്സുകളുടെയും വാനുകളുടെയും കാര്യത്തിൽ നിബന്ധനകൾ കർശനമായി പാലിക്കണമെന്ന ബഹു. ഹൈക്കോടതിയുടെ നിർദ്ദേശങ്ങൾ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) എങ്കിൽ നിബന്ധനകൾ പാലിക്കപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കാൻ എന്തൊക്കെ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; | (ബി) | നിലവിലുള്ള കേരള മോട്ടോർ വാഹന ചട്ടങ്ങളിൽ സ്കൂൾബസ്സുകൾക്കായി നിർദ്ദേശിച്ചിട്ടുള്ള നിബന്ധനകൾ കർശനമായി പാലിക്കപ്പെടുന്നുണ്ടോ എന്ന് വാഹനം രജിസ്റ്റർ ചെയ്യുന്ന സമയത്തും ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുന്ന സമയത്തും ഉറപ്പ് വരുത്താറുണ്ട്. കൂടാതെ വാഹന പരിശോധന സമയത്തും നിബന്ധനകൾ പാലിക്കപ്പെടുന്നുണ്ടോ എന്ന് ഉറപ്പ് വരുത്തുന്നുണ്ട്. കൂടാതെ മാതാപിതാക്കളോ രക്ഷകർത്താക്കളോ അദ്ധ്യാപകരോ സുരക്ഷാമാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുവാൻ വാഹനത്തിൽ സഞ്ചരിക്കേണ്ടതാണ് എന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. സ്കൂൾ അധികാരികൾ അല്ലെങ്കിൽ അധ്യാപക രക്ഷാകർതൃ സംഘടനാ ഭാരവാഹികൾ വാഹനത്തിലെ ജോലിക്കാരുടെ സ്വഭാവം, അവർ നൽകുന്ന സേവനങ്ങൾ എന്നിവ ഉറപ്പ് വരുത്തുന്നതിനായി വാഹനം സർപ്രൈസ് ചെക്കിംഗിന് വിധേയമാക്കേണ്ടതുമാണ്. |

| | | | |
|---|---|---|---|
| (സി) | ഡ്രൈവർ, ക്ലീനർ എന്നിവർ മദ്യപിച്ചിട്ടില്ലെന്നും, പാൻപരാഗ് പോലുള്ള ഉല്പന്നങ്ങൾ ഉപയോഗിക്കുന്നില്ലെന്നും ഉറപ്പുവരുത്താൻ ആവശ്യമായ പരിശോധനകൾ തുടർച്ചയായി നടത്താൻവേണ്ട നിർദ്ദേശം നൽകുമോ ? | (സി) | സ്കൂൾ ബസ്സുകൾ മോട്ടോർവാഹന വകുപ്പ് ഉദ്യോഗസ്ഥരും പോലീസും അടിയ്ക്കടി പരിശോധന നടത്തുകയും നിയമലംഘനങ്ങൾക്കെതിരെ നടപടി സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ.